**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2271** **20.06.2012-ൽ മറുപടിക്ക്**

**മലപ്പുറത്ത് 'ചേതന' കാൻസർ ചികിത്സാ കേന്ദ്രം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മലപ്പുറം ജില്ലയിൽ വണ്ടൂരിൽ ചേതന എന്ന പേരിൽ കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുമെന്ന സപ്തധാരാ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) മലപ്പുറം ജില്ലയിൽ വണ്ടൂരിൽ 'ചേതന' എന്ന പേരിൽ കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും ഒരു ഏക്കൽ പുറമ്പോക്ക് ഭൂമിയുടെ കൈവശാവകാശം ഹോമിയോപ്പതി വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ വർഷം ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി മൂലധന വിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 220 ലക്ഷം രൂപ പ്രസ്തുത സെന്ററിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകുന്നതുവരെ 'ചേതന' ക്യാൻസർ പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങുന്നതിനായി താൽക്കാലികാടിസ്ഥാനത്തിൽ കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും നൽകുവാൻ വണ്ടൂർ ഗ്രാമപഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 'ചേതന' എന്ന പേരിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങുന്നതിനായി ഹോമിയോപ്പതി ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) ഇതിനായി എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; എത്ര രോഗികൾ ഗുണഭോക്താക്കളായെന്നും അറിയിക്കുമോ ? | ബി) ഇതിനായി ഇതുവരെ 90,000/- രൂപ ചെലവാക്കിയിട്ടുണ്ട്. 2104 രോഗികൾ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ